പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2340 14.06.2019 ലെ മറുപടിക്ക്

**കയർ ഉത്പന്നങ്ങളുടെ വിപണനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ കോർപ്പറേഷനിൽ വിപണി കണ്ടെത്താനാവാതെ മുപ്പത് കോടിയുടെ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) നിലവിൽ 27 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്. കൈത്തറി ഉല്പന്നമേഖലയിലും കയർ പിരി മേഖലയിലും പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായിട്ടാണ് സംഭരണം നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ സംഭരണം ഉറപ്പാക്കിക്കൊണ്ട് ആധുനീകരണത്തിലൂടെ കയർ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇത് എത്രയും പെട്ടെന്ന് വില്പന നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) കയർ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഒരു പ്രത്യേക കമ്പനിക്ക് രൂപം നൽകിയിട്ടുണ്ടോ; എന്നിട്ടും വിപണി കണ്ടെത്താനാവാതെ വന്ന സാഹചര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | ബി) "കേരളാ കയർ മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന പേരിൽ കയർ ഉൽപന്നങ്ങളുടെ വിപണനത്തിനായി ഒരു കമ്പനി 18.04.2019 -ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കമ്പനി പ്രവർത്തന സജ്ജമാകുന്നതേയുള്ളൂ. |
| സി) പ്രസ്തുത ഉത്പന്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിറ്റഴിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ<br>കൈക്കൊള്ളുമെന്നറിയിക്കുമോ? | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം നടപ്പാക്കിവരുന്ന വിവിധ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര ഓർഡറുകൾ സ്വീകരിക്കുകയും സമയബന്ധിതമായി വിതരണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ